**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3631** **11/11/2019 ൽ മറുപടിക്ക്**

**ശബരിമലയിൽ യുവതീ പ്രവേശനം**

**ചോദ്യം** **മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ** **പിണറായി വിജയൻ**

**(മുഖ്യ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ യുവതീ പ്രവേശനം സാധ്യമായതിലൂടെ നവോത്ഥാനത്തിലേക്ക് ഒരു ചുവട് കൂടി വച്ചതായി സർക്കാർ കരുതുന്നുണ്ടോ; | (എ) | സുപ്രീം കോടതി ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നടപ്പാക്കുകയാണ് സർക്കാർ ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്. |
| (ബി) | സുപ്രീകോടതി വിധിയുടെ അടിസ്ഥാനത്തിൽ പോലീസ് സഹായത്തോടെ രണ്ട് യുവതികളെ ശബരിമലയിൽ . കയറ്റിയത് തെറ്റായിപ്പോയി എന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | ബഹു സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രായഭേദമന്യെ എല്ലാ സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം സാധ്യമാണ്. സമാധാന പൂർണ്ണമായി ദർശനം നടത്തുന്നതിന് ഭംഗം വരാത്ത വിധം എല്ലാവിഭാഗം തീർത്ഥാടകർക്കും മതിയായ പോലീസ് സംരക്ഷണം ഒരുക്കുകയാണുണ്ടായത്. |
| (സി) | നവോത്ഥാനം ഉണ്ടാകേണ്ടത് അധസ്ഥിത വിഭാഗത്തിന്റെ ഉയർച്ചയിലൂടെ ആകണമെന്നും ശബരിമല യുവതീ പ്രവേശനത്തിലൂടെ നവോത്ഥാനം പൂർണ്ണമാകില്ലായെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് അഭിപ്രായപ്പെട്ടത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | വരുന്ന മണ്ഡല മകരവിളക്ക് കാലത്ത് യുവതികൾ ആവശ്യപ്പെട്ടാൽ അവരെ പോലീസ് സംരക്ഷണത്തോടെ ശബരിമല സന്നിധാനത്ത് എത്തിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, വ്യക്തമാക്കുമോ? | (ഡി) | സുപ്രീം കോടതി വിധി അനുസരിച്ചുള്ള നടപടിയാണിക്കാര്യത്തിൽ കൈക്കൊള്ളുക. |

സെക്ഷൻ ഓഫീസർ